Part. 2

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5679 29.07.2015-ൽ മറുപടിയ്ക്ക്**

**<u>സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം മരങ്ങാട്ടുപള്ളിയിലെ സിബി എന്ന യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാമോ ? | (ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

**ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുമ്പാകെ കോട്ടയം ജില്ലാ കളക്ടർ നല്കുന്ന**

**കുറിപ്പ്**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനു പരിധിയിൽ പാറയ്ക്കൽ വീട്ടിൽ വിശ്വംഭരൻ മകൻ 40 വയസ്സുള്ള പാച്ചൻ സിബി എന്ന സിബി 11.7.2015 ഉച്ചയ്ക്ക് 12.35–ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മരണപ്പെടുകയുണ്ടായി.

പൊതുസ്ഥലത്ത് വച്ച് മദ്യപിച്ചതിനെ തുടർന്ന് ടി സിബിയെ 29.6.2015 രാത്രിയോടെ മരങ്ങാട്ടുപള്ളി സബ് ഇൻസ്പെക്ടർ കസ്റ്റഡിയിൽ എടുക്കുകയും അതേ ദിവസം ലോക്കപ്പിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. 30.06.2015–ന് രാവിലെ ശാരീരികമായ അസ്വസ്ഥതകൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ടി സിബിയെ ബന്ധുകളുടെ സഹായത്തോടെ ആദ്യം പാലാ താലൂക്ക് ആശുപത്രിയിലും അവിടെ നിന്ന് നിർദ്ദേശിച്ച പ്രകാരം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയും തലയ്ക്ക് ക്ഷതമേറ്റതായി കണ്ടതിനെ തുടർന്ന് അടിയന്തിര ശസ്ത്രക്രിയ നടത്തുകയും ട്രോമ ഇന്റൻസീവ് കെയർ യൂണിറ്റിലെ വെന്റിലേറ്ററിൽ കിടത്തി ചികിത്സിക്കുകയും ചെയ്തു. അപ്രകാരം ചികിത്സയിലിരിക്കേയാണ് 11.7.2015 ഉച്ചയ്ക്ക് 12.45–ന് സിബി മരണപ്പെട്ടിട്ടുള്ളത്.

മരണപ്പെട്ട സിബി ഒരു ദരിദ്രകുടുംബത്തിലെ അംഗവും തടി ലോഡിംഗ് തൊഴിലാളിയും ആയിരുന്നു. ടിയാന് മാതാപിതാക്കളും ഭാര്യയും മൈനർമാരായ 3 മക്കളും ഉള്ളതാണ്. കുടുംബത്തിലെ വരുമാനമുണ്ടാക്കുന്ന ഏകവ്യക്തിയായ സിബിയുടെ മരണം കുടുംബത്തിന് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. കൂടാതെ സിബിയുടെ മരണം മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരുടെ മർദ്ദനം മൂലമാണെന്ന് ആരോപണം ഉയർന്നിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് 30.06.2015 മുതൽ ബഹുജന പ്രക്ഷോഭങ്ങളും നടന്നു വരുന്നുണ്ട്. 12.7.2015 വൈകുന്നേരം സിബിയുടെ മൃതശരീരവുമായി മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനു മുൻപിലുള്ള റോഡ് നാട്ടുകാർ ഉപരോധിക്കുകയുമുണ്ടായി.

മരണപ്പെട്ട സിബിയുടെ കുടുംബത്തിന്റെ സാമ്പത്തിക പരാധീനത കണക്കിലെടുത്തും സിബിയുടെ മരണത്തെ തുടർന്നുണ്ടായ പ്രക്ഷോഭങ്ങൾ പരിഗണിച്ചും സിബിയുടെ കുടുംബത്തിന് അടിയന്തിരമായി പരമാവധി ധനസഹായം അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

യു.വി. ജോസ് ഐ.എ.എസ്.
**ജില്ലാ കളക്ടർ**
**കോട്ടയം**

കോട്ടയം
12.7.2015

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുമ്പാകെ കോട്ടയം ജില്ലാ കളക്ടർ നല്കുന്ന

കുറിപ്പ്

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കുറിച്ചിത്താനം വില്ലേജിൽ മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനു പരിധിയിൽ പാറയ്ക്കൽ വീട്ടിൽ വിശ്വംഭരൻ മകൻ 40 വയസ്സുള്ള പാച്ചൻ സിബി എന്ന സിബി 11.7.2015-ൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെടുകയുണ്ടായി.

ടി സിബിയെ പൊതുസ്ഥലത്ത് വച്ച് മദ്യപിച്ചതിനെ തുടർന്ന് മരങ്ങാട്ടുപള്ളി സബ് ഇൻസ്പെക്ടർ 29.6.2015 രാത്രിയോടെ കസ്റ്റഡിയിലെടുക്കുകയും അതേ ദിവസം രാത്രി ലോക്കപ്പിൽ സൂക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. പിറ്റേദിവസം രാവിലെ ശാരീരികമായ അസ്വസ്ഥതകൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ടി സിബിയെ ബന്ധുക്കളുടെ സഹായത്തോടെ പാലാ താലൂക്ക് ആശുപത്രിയിൽ എത്തിക്കുകയും അവിടെ നിന്നുള്ള നിർദ്ദേശാനുസരണം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തലയ്ക്ക് ക്ഷതമേറ്റതായി കണ്ടതിനെ തുടർന്ന് അടിയന്തിര ശസ്ത്രക്രിയ നടത്തുകയും ചികിത്സാർത്ഥം ട്രോമ ഇന്റൻസീവ് കെയർ യൂണിറ്റിലെ വെന്റിലേറ്ററിൽ കിടത്തുകയും , ചെയ്തിട്ടുള്ളതാണ്. അപ്രകാരം ചികിത്സയിലിരിക്കേയാണ് 11.7.2015 ഉച്ചയ്ക്ക് 12.45-ന് സിബി മരണപ്പെട്ടിട്ടുള്ളത്. തുടർന്ന് പാലാ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ പോലീസിനെ ഒഴിവാക്കി പാലാ ആർ.ഡി.ഒ. ഇൻക്വസ്റ്റ് നടത്തിയിട്ടുള്ളതും പബ്ലിക് റിലേഷൻ വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഇൻക്വസ്റ്റ് വീഡിയോഗ്രാഫ് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് നടന്ന പോസ്റ്റുമാർട്ടവും വീഡിയോ ഗ്രാഫ് ചെയ്ത് മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുള്ളതുമാണ്.

ഇക്കാര്യത്തിൽ രാമപുരം സർക്കിൾ ഇൻസ്പെക്ടർ നൽകിയ റിപ്പോർട്ട് ഇപ്രകാരമാണ്.

> "29.6.2015 രാത്രി 9.45-ന് സിബിയെ പൊതുസ്ഥലത്തുവച്ച് മദ്യപിച്ചു എന്ന കുറ്റത്തിന് അബ്കാരി നിയമത്തിലെ 15-ാം വകുപ്പുപ്രകാരം കേസ് രജിസ്റ്റർ ചെയ്തു കസ്റ്റഡിയിലെടുത്തു. പിറ്റേദിവസം ശാരീരികാസ്വസ്ഥതകൾ കാണിച്ചതിനെ തുടർന്ന് ബന്ധുക്കളുടെ സഹായത്തോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആക്കി. ചികിത്സയിലിരിക്കേ 11.7.2015-ന് ടിയാൻ മരണപ്പെട്ടു. സിബിയെ അറസ്റ്റു ചെയ്യുന്നതിനു മുമ്പ് അമൽ എന്നൊരു വ്യക്തിയുമായി അന്നേദിവസം വൈകുന്നേരം 7 മണിയോടെ സിബി വഴക്ക് ഉണ്ടാക്കുകയുണ്ടായി. ഇതിന് IPC-341,323,324 വകുപ്പുകൾ പ്രകാരം 531/2015 നമ്പരായി ക്രൈം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. തുടരന്വേഷണത്തിന്റെ ഭാഗമായി IPC-307 വകുപ്പുകൂടി ഈ കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അമലിന്റെ പരാതിയെ തുടർന്ന് സിബിക്കെതിരെ 530/2015 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക്കപ്പ് മർദ്ദനത്തെ തുടർന്നാണ് സിബി മരണമടഞ്ഞിട്ടുള്ളതെന്ന ആരോപണവും ഉയർന്നു വന്നിട്ടുണ്ട്."

പോലീസിന്റെ വിശദീകരണം ഇപ്രകാരമായിരിക്കേ തന്നെ സിബിയുടെ ബന്ധുക്കളുടെയും നാട്ടുകാരുടെയും ഇടയിൽ നിന്നും 30.6.2015 മുതൽ തന്നെ മരങ്ങാട്ടുപള്ളി പോലീസിനെതിരെ ലോക്കപ്പ് മർദ്ദനം ആരോപിച്ച് പ്രക്ഷോഭങ്ങൾ ആരംഭിച്ചിരുന്നു. 12.7.2015 വൈകിട്ട് 4 മണിയോടെ സിബിയുടെ മൃതദേഹവുമായി മരങ്ങാട്ടുപള്ളി പോലീസ് സ്റ്റേഷനു മുമ്പാകെയുള്ള പൊതുറോഡ് പ്രക്ഷോഭകാരികൾ ഉപരോധിക്കുകയുണ്ടായി.

പ്രക്ഷോഭകാരികളുമായി അനൗപചാരികമായി നടത്തിയ ചർച്ചയിൽ അവരുന്നയിക്കുന്ന പ്രധാന ആരോപണങ്ങൾ താഴെപ്പറയുന്നവയാണ്.

1. മദ്യപാനകുറ്റത്തെ തുടർന്നാണ് സിബിയെ അറസ്റ്റു ചെയ്തതെങ്കിൽ തുടർന്നുള്ള മെഡിക്കൽ പരിശോധന മരങ്ങാട്ടുപള്ളി പോലീസ് നടത്തിയില്ല. അറസ്റ്റിനു ശേഷമുള്ള നടപടിക്രമങ്ങളും പാലിച്ചില്ല.

2. അറസ്റ്റിനെ തുടർന്ന് സിബിയുടെ മാതാപിതാക്കൾ സിബിയുടെ ജാമ്യത്തിനു സമീപിച്ചുവെങ്കിലും പോലീസ് ജാമ്യം നൽകാൻ തയ്യാറായില്ല.

3. ലോക്കപ്പ് മർദ്ദനത്തെ തുടർന്നാണ് സിബിക്ക് ശാരീരികാസ്വസ്ഥതകൾ ഉണ്ടായത്. എന്നാൽ യഥാസമയം വൈദ്യസഹായം ലഭ്യമാക്കിയിട്ടുമില്ല.

4. സിബി അമലുമായി ഉണ്ടാക്കിയെന്ന് പറയുന്ന വഴക്ക് ലോക്കപ്പ് മർദ്ദനം മറച്ചു വയ്ക്കുന്നതിനു വേണ്ടി കെട്ടിച്ചമച്ചതാണ്. അങ്ങനെയെങ്കിൽ അമലിനെ എന്തുകൊണ്ട് നേരത്തെ അറസ്റ്റു ചെയ്തില്ല. സിബിയുടെ മരണശേഷം മാത്രമാണ് അമലിനെതിരെ കേസ് രജിസ്റ്റർ ചെയ്തത്.

മരങ്ങാട്ടുപള്ളി പോലീസിനെതിരെ ബന്ധുക്കളും നാട്ടുകാരും രാഷ്ട്രീയ കക്ഷികളും ഉന്നയിക്കുന്ന മേൽപ്രകാരമുള്ള ഗുരുതരമായ ആരോപണങ്ങളും രാമപുരം സർക്കിൾ ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ വിശദീകരിക്കുന്ന കാര്യങ്ങളും വസ്തുതാപരമായി പൊരുത്തപ്പെടുന്നില്ല. നടപടിക്രമങ്ങളിൽ പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. പ്രദേശത്തെ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിലും പ്രക്ഷോഭം തുടർന്നു നടക്കാനിടയുള്ള സാഹചര്യത്തിലും ആരോപണങ്ങളുടെ നിജസ്ഥിതി ശരിയായ അന്വേഷണത്തിലൂടെ കണ്ടെത്തേണ്ടത് അത്യാവശ്യമായി കാണുന്നു. അങ്ങയുടെ അറിവിലേയ്ക്കും സത്വര നടപടികൾക്കുമായി മേൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

യു.വി. ജോസ് ഐ.എ.എസ്.
ജില്ലാ കളക്ടർ
കോട്ടയം

സെക്ഷൻ ഓഫീസർ